(ബി) പുതിയ റാങ്ക് പട്ടികയിൽ നിന്നുതന്നെ തുടർന്നുള്ള നിയമനവും നടത്തും.

(സി) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതു സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ നടക്കുന്നു. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന വിഷയത്തിലും തീരുമാനമുണ്ടാകുന്നതാണ്.

## കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/ കാഷ്യർ തസ്തിക

152 (5879) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന് അനുവദിച്ച് നൽകിയിട്ടുള്ള ക്ലാർക്ക്/കാഷ്യർ തസ്തികകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികകളിൽ എത്ര സ്ഥിര ജീവനക്കാരും എത്ര താല്ക്കാലിക ജീവനക്കാരും ജോലിചെയ്യുന്നുണ്ടെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികകളിലെ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ 2014-ലെ റീ-ക്ലാസിഫിക്കേഷൻ പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ക്ലാർക്ക്/ കാഷ്യർ തസ്തികകളുടെ എണ്ണം 132 ആണ്.

(ബി) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ 157 സ്ഥിരം ജീവനക്കാരുണ്ട്. അധികമായുള്ള ജീവനക്കാരെ സൂപ്പർ ന്യൂമററി തസ്തികയിൽ നിലനിർത്തിയിട്ടുള്ളതാണ്. ബാങ്കിന്റെ താൽക്കാലിക ജീവനക്കാർ ആരും തന്നെ ഇല്ല. നിലവിൽ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ ഒഴിവുകളില്ല.

(സി) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ 2 എൻ.ജെ.ഡി.ഒഴിവുകൾ 16-3-2017-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേപ്പ് എഞ്ചിനീയറിംഗ് കോളേജിലെ സ്റ്റാഫ് നിയമനം

153 (5880) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകമോ:

LIBRARY ARCHIVES Kerala Legislative Assembly